08.07.2008

## ഏകജാലക പ്രവേശനം - വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- ഏകജാലക സംവിധാനപ്രകാരമുള്ള പ്ലസ്സ് വൺ പ്രവേശനത്തിന്റെ അലോട്ട്മെന്റ് ലിസ്റ്റ് www.hscap.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.
- ഏകജാലക സംവിധാനപ്രകാരമുള്ള പ്ലസ്സ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റിന്റെ സ്ഥിരപ്പെടുത്തിയ ലിസ്റ്റാണ് ജൂലൈ 9-ന് പ്രസിദ്ധീകരിച്ചത്.
- അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് ലഭിച്ച സ്കൂളുകളിൽ നിർബന്ധമായും ജൂലൈ 11 ന് മുൻപ് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്ഥിര പ്രവേശനമോ താൽക്കാലിക പ്രവേശനമോ നേടിയിരിക്കണം.
- അലോട്ട്മെൻറ് ലഭിച്ചിട്ടും നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാതിരുന്നാൽ തുടർന്നുള്ള എല്ലാ അലോട്ട്മെന്റുകളിൽനിന്നും അത്തരം വിദ്യാർത്ഥികൾ ഒഴിവാക്കപ്പെടുകയും പ്രവേശനത്തിനുള്ള അർഹത നഷ്ടപ്പെടുകയും ചെയ്യും.
- ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്ററിന്റെ പ്രിന്റ്ഔട്ടും അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന സർട്ടിഫിക്കറ്റുകളുടെ ഒർജിനലുകളും സഹിതം അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ സമർപ്പിച്ച് ജൂലൈ 10- നും 11- നും ഇടക്ക് നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്.ജൂലൈ11-ന് 3 മണിക്ക് ശേഷം യാതൊരു കാരണവശാലും ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരമുള്ള പ്രവേശനം അനുവദിക്കുന്നതല്ല.
- ഈ ലിസ്ററിൽ ഒന്നാം ഓപ്ഷനിൽ തന്നെ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ ഫീസ് ഒടുക്കി പ്രവേശനം സ്ഥിരപ്പെടുത്തേണ്ടതാണ്. ഈ വിദ്യാർത്ഥികൾക്ക് താൽക്കാലിക പ്രവേശനം അനുവദിക്കില്ല.
- താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ താൽക്കാലിക പ്രവേശനം നേടാം. താൽക്കാലിക പ്രവേശനത്തിന് ഫീസ് ഒടുക്കേണ്ടതില്ല. താഴ്ന്ന ഓപ്ഷനുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് സീറ്റിന്റെ ലഭ്യതയും മെറിറ്റും അനുസ്സരിച്ച് തുടർന്നുള്ള അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷനുകൾ ലഭിക്കും. ഇങ്ങനെ ഉയർന്ന ഓപ്ഷൻ പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികൾ ഇപ്പോൾ അലോട്ട് ചെയ്ത സ്കൂളിലെ പ്രിൻസിപ്പലിനെ പ്രവേശന സമയത്തു തന്നെ രേഖാമൂലം അറിയിച്ച് ഹയർ ഓപ്ഷനുകൾ നിലനിർത്തി താൽക്കാലിക പ്രവേശനം നേടേണ്ടതാണ്.

- ഹയർ ഓപ്ഷനുകൾ നിലനിർത്തി താൽക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ അവരുടെ ഹയർ ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചാൽ ഹയർ ഓപ്ഷൻ ലഭിച്ച സ്കൂളിലേക്കോ സബ്ജക്ട് കോംബിനേഷനിലേക്കോ നിർബന്ധമായും മാറേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് താൽക്കാലികമായി പ്രവേശനം നേടിയ സ്കൂളിലെ അഡ്മിഷൻ നഷ്ടപ്പെടുകയും തുടർന്നുള്ള അലോട്ട്മെന്റുകളിൽനിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യും.

- താഴ്ന്ന ഓപ്ഷനുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഇപ്പോൾ ലഭിച്ച സ്കൂളോ കോംബിനേഷനോ മതിയെങ്കിൽ ഹയർ ഓപ്ഷൻ റദ്ദാക്കി ഫീസ് ഒടുക്കി സ്ഥിരപ്രവേശനം നേടാവുന്നതാണ്. ഇപ്രകാരം പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന സമയത്തുതന്നെ രേഖാമൂലം ഹയർ ഓപ്ഷനുകൾ റദ്ദാക്കുന്ന വിവരം അലോട്ട്മെന്റ് ലഭിച്ച സ്കൂളിലെ പ്രിൻസിപ്പലിനെ അറിയിക്കേണ്ടതാണ്.

- താഴ്ന്ന ഓപ്ഷനിൽ താൽക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് തുടർന്നുള്ള അലോട്ട്മെന്റുകളിൽ ഹയർ ഓപ്ഷൻ ലഭിച്ചേക്കാം. ഇഷ്ടപ്പെടുന്ന ഓപ്ഷനുകൾ ലഭ്യമാകുന്നതുവരെ താൽക്കാലിക പ്രവേശനം നേടാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഉദാ: ഒന്നാം അലോട്ട്മെന്റിൽ 5- ാമത്തെ ഓപ്ഷൻ ലഭിച്ച കുട്ടിക്ക് പ്രസ്തുത സ്കൂളിൽ താൽക്കാലിക പ്രവേശനം നേടാം. രണ്ടാമത്തെ അലോട്ട്മെന്റിൽ ഒന്നുമുതൽ നാലുവരെയുള്ള ഏതെങ്കിലും ഓപ്ഷൻ ലഭിച്ചാൽ വിദ്യാർത്ഥി ഒന്നാം അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിച്ച സ്കൂൾ അല്ലെങ്കിൽ കോംബിനേഷനിൽ നിന്നും വിടുതൽ വാങ്ങി രണ്ടാം അലോട്ട്മെന്റ് ലഭിച്ച സ്കൂൾ അല്ലെങ്കിൽ കോംബിനേഷനിൽ അഡ്മിഷൻ നിർബന്ധമായും നേടേണ്ടതാണ്. ഇവിടെയും വിദ്യാർത്ഥിക്ക് ഹയർ ഓപ്ഷൻ നിലനിർത്തണമെങ്കിൽ താൽക്കാലിക പ്രവേശനം നേടിയാൽ മതി. ഇപ്രകാരം ഉയർന്ന ഓപ്ഷൻ ലഭിക്കുന്നതുവരെയോ മറ്റൊരറിയിപ്പ് ഉണ്ടാകുന്നതുവരെയോ താൽക്കാലിക അഡ്മിഷനിൽ തുടരാം.

- ഓരോഅലോട്ട്മെന്റിനും ശേഷവും അറിയിക്കുന്ന പ്രവേശന സമയത്തിനുള്ളിൽ തന്നെ വിദ്യാർത്ഥികൾ അതാത് സ്കൂളിൽ പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം പ്രവേശനത്തിന് ഹാജരായാൽ അഡ്മിഷൻ ലഭിക്കുന്നതല്ല.